# രണ്ടാംഘട്ടം നീര ലൈസൻസുകളുടെ വിതരണോദ്ഘാടനം ഇന്ന്

കൊച്ചി: സംസ്ഥാനത്ത് നീര ഉല്പാദനത്തിനും വിതരണത്തിനുമായി അനുവദിച്ച ലൈസൻസുകളുടെ രണ്ടാംഘട്ട വിതരണം ഇന്ന് മൂന്നിന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കുമെന്ന് എക്സൈസ് മന്ത്രി കെ. ബാബു അറിയിച്ചു. 173 ലൈസൻസുകളാണ് ഇതുവരെ അനുവദിച്ചിരിക്കുന്നത്. ആദ്യഘട്ടമായി 16 ലൈസൻസുകൾ 2014ൽ വിതരണം ചെയ്തിരുന്നു. ശേഷിക്കുന്ന 157 ലൈസൻസുകളാണ് രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യുക. നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. 2013 സെപ്തംബർ 23 നാണ് സംസ്ഥാനത്ത് ആദ്യമായി നീര ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവായത്. നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് 2014 ഫെബ്രുവരിയിൽ അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തി 2014 മെയിൽ നാളികേര – നീര ബോർഡ് രൂപീകരിച്ചു. കാർഷികോല്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ എക്സ്യൂട്ടീവ് ഓഫീസറായുമായാണ് നാളികേര–നീര ബോർഡ് രൂപീകരിച്ചിരിക്കുന്നത്. നീരയുടെ ഉല്പാദന വിതരണവും അബ്കാരി നിയമങ്ങൾ പ്രകാരം എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കും.